പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് ശബരിമല സ്പെഷ്യൽ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലും പരിസരത്തും ശുചിത്വപാലനത്തിന് നടപടി

169 (1657)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ തീരെ ശുചിത്വമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജ് പരിസരത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലും സംസ്കരിക്കുന്നതിലും കാലതാമസം ഉണ്ടാകുന്നതുമൂലം വളരെ ദുർഗന്ധം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം പല സാംക്രമിക രോഗങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിലും പരിസരത്തും ശുചിത്വം പാലിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രിയിൽ ശുചിത്വം സാമാന്യം തൃപ്തികരമാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ടെണ്ടർ നല്കിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

തിരുവനന്തപുരം ഹോമിയോ കോളേജിലെ വിദ്യാർത്ഥികൾക്കും കോഴിക്കോട് ഹോമിയോ കോളേജിൽ പഠിച്ച വർക്കൊപ്പം പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് അവസരം

170 (1658)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി. മൊയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ഹോമിയോ കോളേജുകളിൽ ബി.എച്ച്.എം.എസ്. 1993-99 ബാച്ചിന്റെ പഠനം തുടങ്ങിയത് എന്നായിരുന്നു;

(ബി) പ്രസ്തുത ബാച്ചുകളുടെ കോഴ്സ് പൂർത്തിയാക്കി പരീക്ഷ പാസ്സായവർക്ക് ഇന്റേൺഷിപ്പ് ഒരേ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) തിരുവനന്തപുരം ഹോമിയോ കോളേജിൽ പഠിച്ചവർക്ക് ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കാലതാമസം വരുന്നതിനാൽ കോഴിക്കോട് കോളേജിൽ പഠിച്ച വിദ്യാർത്ഥികൾക്കൊപ്പം പി.എസ്.സി.യിൽ ഉദ്യോഗത്തിന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ വിദ്യാർത്ഥികൾക്കും ഉദ്യോഗത്തിന് അപേക്ഷ സമർപ്പിക്കാൻ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഗവണ്മെന്റ് ഹോമിയോ മെഡിക്കൽ കോളേജിൽ 25.10.93 ലും കോഴിക്കോട് കോളേജിൽ 18.10.93 ലുമാണ് പഠനം തുടങ്ങിയത്.

(ബി)&(സി) ഇല്ല. തിരുവനന്തപുരം ഹോമിയോ കോളേജിൽ നിന്നും പാസ്സായവർക്ക് 1.4.99 ലും കോഴിക്കോട് കോളേജിൽ നിന്നും പാസ്സായവർക്ക് 8.2.99 ലും ഇന്റേൺഷിപ്പ് ആരംഭിച്ചു. 1.4.99-ൽ ഇന്റേൺഷിപ്പ് ആരംഭിച്ചവർ 31.3.2000 ലും 8.2.99-ൽ ആരംഭിച്ചവർ 7.2.2000 ലും ഒരു വർഷ ഇന്റേൺഷിപ്പ് പൂർത്തിയാക്കും. തിരുവനന്തപുരം, കോഴിക്കോട് കോളേജുകൾ വ്യത്യസ്ത യൂണിവേഴ്സിറ്റികളുടെ കീഴിലായതിനാൽ പരീക്ഷകൾ വ്യത്യസ്ത കാലഘട്ടത്തിലാണ് നടന്നിട്ടുള്ളത്.

(ഡി) തിരുവനന്തപുരം കോളജിൽ 1.4.99 ന് ആരംഭിച്ച ഇന്റേൺഷിപ്പ് 31.3.2000-ൽ മാത്രമേ അവസാനിക്കുകയുള്ളൂ. അതുകൊണ്ട് ഇതിനകം അപേക്ഷ സമർപ്പിക്കേണ്ട പി.എസ്.സി. നിയമനങ്ങൾക്ക് ഇവർക്ക് അപേക്ഷിക്കാൻ സാധിക്കുകയില്ല.

(ഇ) ഇന്റേൺഷിപ്പ് ഇളവ് വരുത്തുന്നതിന് ബുദ്ധിമുട്ടാണ്.

കേരള സ്പോർട്ട്സ് കൗൺസിലിലെ കോച്ച് തസ്തികയിലേയ്ക്കുള്ള നിയമനം

171(1659)ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിൽ കോച്ച് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ അതനുസരിച്ച് ഓരോ വിഭാഗത്തിലും എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതേ തസ്തികയ്ക്ക് ഇതോടൊപ്പം മറ്റേതെങ്കിലും വിധത്തിൽ അപേക്ഷ ക്ഷണിച്ചിരുന്നോ;

(ഡി) എങ്കിൽ ഒരേ സമയം രണ്ടുതരത്തിൽ അപേക്ഷ ക്ഷണിക്കാനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്പോൺസർ ചെയ്ത യോഗ്യതയുള്ളവരെ ഒഴിവാക്കി യോഗ്യതയില്ലാത്ത പ്രായപരിധി കഴിഞ്ഞ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly